**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ് – മാധ്യമ പ്രവർത്തകരുടെ പ്രസ് അക്രഡിറ്റേഷൻ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (സി) വകുപ്പ്**

സ ഉ (സാധാ)നം.18/11/ഐ&പി.ആർ. തിരുവനന്തപുരം, തീയതി: 18.1.2011

പരാമർശം:- 11.08.10 ൽ ചേർന്ന സംസ്ഥാന പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി തീരുമാനം

**ഉത്തരവ്**

2010 ആഗസ്റ്റ് 11 ന് ചേർന്ന പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി മാധ്യമങ്ങൾക്ക് നിലവിൽ നൽകി വരുന്ന പ്രസ് അക്രഡിറ്റേഷൻ എണ്ണം വർദ്ധിപ്പിക്കാമെന്ന് തീരുമാനിച്ചു. ഈ വർദ്ധനവ് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി സർക്കുലേഷനനുസരിച്ച് ആനുപാതികമായിട്ടായിരിക്കണം വർദ്ധിപ്പിക്കേണ്ടതെന്നും ഈ വർദ്ധനവ് പി.ആർ.ഡി അംഗീകരിച്ച ഡി,സി കാറ്റഗറിയിൽപ്പെട്ട പത്രങ്ങൾക്ക് മാത്രമായിരിക്കും ബാധകം എന്നും കൂടാതെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് ജില്ലകളിൽ മാത്രമായിരിക്കും വർദ്ധനവ് ബാധകമെന്നും തീരുമാനിച്ചിരുന്നു. ഇതേ അനുപാതം ന്യൂസ് ചാനലുകൾക്കും ബാധകമായിരിക്കുമെന്നും 11.08.10 ലെ അക്രഡിറ്റേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് പ്രസ് അക്രഡിറ്റേഷൻ എണ്ണം, പരമാവധി എണ്ണം എന്നിവ താഴെ പറയും പ്രകാരം നിജപ്പെടുത്തി ഉത്തരവാകുന്നു.

തിരുവനന്തപുരം

| ദിനപത്ര കാറ്റഗറി | റിപ്പോർട്ടർ | ഫോട്ടോഗ്രാഫർ/ക്യാമറാമാൻ | ആകെ |
|---|---|---|---|
| ഡി | 9 | 3 | 12 |
| സി | 7 | 2 | 9 |
| ന്യൂസ് ചാനൽ | 6 | 6 | 12 |

എറണാകുളം/കോഴിക്കോട്

| ദിനപത്ര കാറ്റഗറി | റിപ്പോർട്ടർ | ഫോട്ടോഗ്രാഫർ/ക്യാമറാമാൻ | ആകെ |
|---|---|---|---|
| ഡി | 7 | 2 | 9 |
| സി | 4 | 2 | 6 |
| ന്യൂസ് ചാനൽ | 5 | 4 | 9 |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഷീലാ തോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

1.) ഡയറക്ടർ, ഐ&പി.ആർ ഡി,
2.) ഡെപ്യൂട്ടി ഡയറക്ടർ (മീഡിയാ റിലേഷൻസ്)
3.) എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4.) ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ് )
5.) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
6.) കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ